(സി) പുതുക്കി പണിയേണ്ടതായി കണ്ടെത്തിയ പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) 1. ബാലുശ്ശേരി ജംഗ്ഷൻ പാലം
2. കുപ്പായക്കോട് പാലം
3. കടയങ്ങാട് പാലം
4. തൊട്ടിൽ പാലം
5. കല്ലംപാറ പാലം
6. മുരിയോട് പാലം

എന്നിവയാണ് കോഴിക്കോട് ജില്ലയിൽ പുതുക്കി പണിയേണ്ടതായി കണ്ടെത്തിയിട്ടുള്ളത്.

നൂറാടിപ്പാലം പുതുക്കി പണിയാൻ നടപടി

135 [1366] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിൽ ഒന്നായ മലപ്പുറം കോട്ടക്കൽ റോഡിലെ നൂറാടിപ്പാലം തകർന്നതിന്റെ ഫലമായി ഈ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ടൗണിൽനിന്ന് ദേശീയ പാതയിലേക്കും തെക്കൻ ജില്ലകളിലേക്കുമുള്ള പ്രധാന ഗതാഗതമാർഗ്ഗമായ ഈ റോഡിലെ പാലം അടിയന്തിരമായി പുതുക്കി പണിയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തിരമായി ഒരു ബെയ്‌ലി പാലം നിർമ്മിക്കുന്നതിന് കേന്ദ്രപ്രതിരോധ വകുപ്പിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

2/196/2013—22.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) പാലം നിർമ്മാണവേളയിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഴയ പാലം പൊളിച്ച് ഒരു പുതിയ പാലം പണിയാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

പാലങ്ങൾ വീതികൂട്ടുന്ന നടപടി

136 [1367] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി. നിരത്തുകളിൽ സംസ്ഥാനമൊട്ടാകെ വീതി കുറഞ്ഞ എത്ര പാലങ്ങൾ ഉണ്ടെന്നും അവ എവിടെയെല്ലാമെന്നുമറിയിക്കുമോ;

(ബി) ഈ പാലങ്ങളുടെ വീതി കൂട്ടുന്നതിനോ പുതുക്കിപ്പണിയുന്നതിനോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഇതിന് എന്ത് തുക വേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ;

(സി) ഇവ ബി. ഒ. ടി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ താഴെപ്പറയുന്ന 11 പാലങ്ങൾ:

1. ഇറപ്പുഴപ്പാലം
2. തോട്ടപ്പള്ളി
3. ഇരുമ്പുപാലം
4. കുമ്പളം പാലം
5. കുന്തിപ്പുഴ പാലം
6. ധർമ്മടം പാലം
7. പുല്ലൂർ പാലം

LIBRARY ARCHIVES Kerala Legislative Assembly